**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **27-02-2023 - ൽ മറുപടിയ്ക്ക്**

**നികുതി നിർവഹണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി ചോർച്ച കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും കാര്യക്ഷമമായ നികുതി നിർവഹണം സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തു ജി എസ് ടി നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.റ്റി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ . എൻ . പി . ആർ . ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. വാഹന പരിശോധന ഫോറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . ജി എസ് ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും, ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെ ഉള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി എസ് ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ 6 വ്യക്തികളെ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി. ജി എസ് ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചു. സംസ്ഥാന ചരക്കു |

| | | | |
|---|---|---|---|
| | | | സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിനായി "ലക്കി ബിൽ " സമ്മാന പദ്ധതി, ഇൻഫോർമർ റിവാർഡ് സ്കീം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റുകൾ ഇല്ലാതായതോടെ അതിർത്തികളിലൂടെ ഉണ്ടാകാനിടയുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് ആധുനിക സംവിധാനങ്ങളുള്ള സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തു ജി എസ് ടി നടപ്പിലാക്കിയതിനെത്തുടർന്നു ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കപ്പെട്ടു. ഇതിനെ തുടർന്ന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കപ്പെട്ടു. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് അതിർത്തിപ്രദേശങ്ങളിലൂടെയുള്ള ചരക്കു നീക്കം പരിശോധിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി .ഈ ക്യാമറകൾ ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനവുമായി ബന്ധിപ്പിച്ച ഇ-വേബിൽ ഇല്ലാതെ അതിർത്തി പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന വാഹനങ്ങളെ സംബന്ധിച്ച വിവരം അപ്പപ്പോൾ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാക്കുന്ന രീതിയിൽ ക്രമീകരിച്ചു. ഇതിലൂടെ അതിർത്തി പ്രദേശങ്ങളിലൂടെയുള്ള നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ സാധിച്ചിട്ടുണ്ട്. ഏതൊക്കെ ലോറികൾ കേരളത്തിലേക്ക് വന്നു എന്ന് അറിയാനും അതിലൂടെ വ്യാജ ബില്ലിംഗ് പോലുള്ള വിപത്തുകളെ കൃത്യമായി തടയാനും എ എൻ പി ആർ സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ കീഴിൽ 9 ജില്ലകളിലായി 22 സ്ഥലങ്ങളിൽ എ.എൻ. പി. ആർ ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, ഉച്ചക്കട, വെള്ളറട, പിരായുമൂട്, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമളി, പാലക്കാട് ജില്ലയിൽ വാളയാർ, വേലന്താവളം, മീനാക്ഷി പുരം, ഗോപാലപുരം, ഗോവിന്ദപുരം, ഒഴലപ്പതി, നടുപ്പുണി, മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. ഈ സംവിധാനം കൂടുതൽ കാര്യക്ഷമമായ രീതിയിൽ സംസ്ഥാനാതിർത്തികളിലും |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്തുമുള്ള കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം ജീവനക്കാർക്ക് ലഭ്യമാക്കിയും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും നികുതി ഭരണം മികവുറ്റതാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പ്രൊഫഷണൽ നിലവാരത്തിലുള്ള പരിശീലനം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതിനും നികുതിപിരിവിൽ സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ കൂടുതലായി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജി എസ് ടി നിയമങ്ങളെയും ചട്ടങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പ്രത്യേകമായ ഓൺലൈൻ പരിശീലനങ്ങൾ വിദഗ്ധരായ പരിശീലകരെ ഉപയോഗിച്ച് കൊണ്ട് നടത്തിയിട്ടുണ്ട്. ജി എസ് ടി സമ്പ്രദായത്തിലെ വ്യത്യസ്ത മേഖലകളിൽ ഉദ്യോഗസ്ഥരുടെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മേഖല തിരിച്ചുള്ള പരിശീലനങ്ങളും നടത്തിയിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമായ പരിശീലന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ട്. നികുതിപിരിവിൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-വേബിൽ ഇല്ലാതെ അതിർത്തികടന്നെത്തുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനായി ANPR സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനാലിറ്റിക്സിലൂടെ വിദഗ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ജിഎസ് ടി സംബന്ധമായ വിവരങ്ങളും ഭേദഗതികളും അപ്ഡേഷനുകളും ഉടനടി ലഭ്യമാകുന്നതിലേക്കായി ജി എസ് ടി എൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ സംവിധാനത്തിലേക്ക് വകുപ്പ് മാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ